## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2508. 19.12. 2012-ൽ മറുപടിയ്ക്ക്**

### സാധാരണ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് പരിഗണിച്ച് സാധാരണ ജനങ്ങൾക്ക് മികച്ച ചികിത്സ കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് പരിഗണിച്ച് സാധാരണ ജനങ്ങൾക്ക് മികച്ച ചികിത്സാ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള ബ്രാന്റഡ് ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. പ്രാരംഭ ഘട്ടത്തിൽ അഞ്ച് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും 3 ജനറൽ ആശുപത്രികളിലും 2012 നവംബർ ഒന്നാം തീയതി മുതൽ സൗജന്യമായി മരുന്നുകൾ വിതരണം ചെയ്തു വരുന്നു. ഈ പദ്ധതി എല്ലാ ആശുപത്രികളിലേയ്ക്കും ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സാധാരണ ജനങ്ങൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങളുടെ സമഗ്ര വികസനം നടത്തി വരുന്നു. എല്ലാ ജില്ലാ ആശുപത്രികളോടും ചേർന്ന് സി. റ്റി. സ്കാൻ, സൗജന്യ ഡയാലിസിസ് സെന്ററുകൾ, ഡി അഡിക്ഷൻ സെന്ററുകൾ എന്നിവ സ്ഥാപിച്ച് വരുന്നു. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ജനറൽ/ ഡിസ്ട്രിക്ട് താലൂക്ക് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി കളിലും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ തലത്തിൽ ആർ.സി.സി, ശ്രീചിത്ര മാതൃകയിൽ കൂടുതൽ സ്പെഷ്യാലിറ്റി ആശുപത്രികൾ എല്ലാ ജില്ലകളിലും തുടങ്ങുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ